**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 863** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വള്ളിക്കുന്ന് തീരദേശ മേഖലയിൽ ഫിഷറീസ് വകുപ്പ് സമർപ്പിച്ച പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തീരദേശ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച് ഫിഷറീസ് വകുപ്പ് മുഖേന സമർപ്പിച്ച മിനി ഹാർബർ പദ്ധതിക്കായി നടത്തിയ സ്ഥലം പരിശോധനയുടെയും മണ്ണ് പരിശോധനയുടെയും നിലവിലെ സ്ഥിതിയും വിശദാംശങ്ങളും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ആനങ്ങാടി ഫിഷ് ലാന്റിംഗ് സെന്ററിനെ മിനി ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിനുവേണ്ടി (സ്ഥലം പരിശോധനയുടെയും മണ്ണ് പരിശോധനയുടെയും) 82 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. എന്നാൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫിഷറീസ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04/01/2022 നടന്ന യോഗത്തിലെ തീരുമാനം പ്രകാരം പുതിയ നിർമ്മാണ പ്രവർത്തികൾ തീരശോഷണത്തിനും തീരപ്രദേശങ്ങളിൽ താമസിക്കുന്ന ജനവിഭാഗങ്ങളെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

**(ബി)** വള്ളിക്കുന്ന് പഞ്ചായത്തിലെ തീരദേശത്ത് കടലാക്രമണം തടയുന്നതിന് ലോക ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ലോക ബാങ്കിന്റെ "Resilient Kerala Development Programme (RKDP-2) Programme for Results (PforR) -Disbursement Linked Indicators(DLI)-10- എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ കടലാക്രമണ ഭീഷണി നേരിടുന്ന തീരപ്രദേശങ്ങളിൽ തിരുവനന്തപുരം മുതൽ കാസർകോട് വരെ 24 ഇടങ്ങളിൽ തീരസംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ പരപ്പാൽ തീരപ്രദേശത്ത് (approx. southern end point of project: S- 1105'27"N 7550'17"E, Approx. northern end point N- 1105'34"N 7550'16"E) 260 മീറ്റർ നീളത്തിൽ കടലാക്രമണ സംരക്ഷണത്തിനായുള്ള പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾക്ക് വേണ്ടി ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി ലോക ബാങ്കിന്റെ reimbursement ലഭ്യമാക്കുന്നതാണ്. കൂടാതെ പദ്ധതിക്ക് ആവശ്യമായ ചില പ്രാരംഭപ്രവർത്തികൾക്ക് ഫണ്ട് ലഭിച്ചതനുസരിച്ച് ആയവ പുരോഗതിയിലാണ്. ലോക ബാങ്ക് ചട്ടങ്ങൾ പ്രകാരം പദ്ധതി നടപ്പിലാക്കാൻ KCZMA-യുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

അതിനായുള്ള CRZ Clearance Report തയ്യാറാക്കാൻ കേന്ദ്ര ഏജൻസിയായ NCSCM, Chennai മുഖേന പ്രവർത്തി പുരോഗമിച്ചുവരുന്നു. Environment Impact Assessment നടത്താനുള്ള നടപടിയും തുടങ്ങി വെച്ചിട്ടുണ്ട്. രൂപകല്പനയ്ക്ക് ആവശ്യമായ bathymetry and topography data എടുക്കുന്ന പ്രവർത്തി Hydrographic Survey Wing വഴി പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തിക്ക് Modelling and Design- പ്രവർത്തി ചെയ്യുന്നതിനായി CWPRSപൂനെയെ തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ ഈ പ്രവർത്തിക്കും ഫണ്ട് ലഭിക്കേണ്ടതുണ്ട്.

**(സി)** പ്രസ്തുത സ്ഥലത്ത് ചെമ്മീൻ ഹാച്ചറി നടത്തുന്നതിന് സമർപ്പിച്ച പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നബാർഡ് RIDF Tranche XXXI ൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് ആനങ്ങാടിയിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട "Integrated Model Hatchery for Vannamei at Vallikunnu Malappuram" പദ്ധതി പ്രൊപ്പോസൽ 2021 DSR പ്രകാരം പുതുക്കി തയ്യാറാക്കുന്ന നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**